വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ് കോയ):

(എ) ദേശീയ വയോജന വിദ്യാഭ്യാസ പരിപാടിയാണ് കേന്ദ്രഗവൺമെൻറ് അംഗീകരിച്ചിട്ടുള്ളത്. ഇതിലേയ്ക്കായി സംസ്ഥാന ഗവൺമെൻറിനു കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കേന്ദ്ര ഗവൺമെൻറിൽനിന്നും തുക ഒന്നും ലഭിച്ചിട്ടില്ല.

(ബി) കേന്ദ്ര സഹായമായി എത്ര തുക ഈ വർഷം കിട്ടുമെന്നുള്ളത് കൃത്യമായി പറയുവാൻ നിർവ്വാഹമില്ല.

സംസ്ഥാന ഗവൺമെൻറ് 30 ലക്ഷം രൂപയുടെ നിർദ്ദേശങ്ങൾ ഈ വർഷത്തെ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്. ആ തുക മുഴുവനും ഇതിലേക്കായി ചിലവഴിക്കാൻ ഉദ്ദേശിക്കുന്നു.

(സി) വയോജന വിദ്യാഭ്യാസ പരിപാടി കഴിഞ്ഞ വർഷം ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2-ാം തീയതിയാണ് സംസ്ഥാനത്ത് ആരംഭിച്ചത്. വയോജന വിദ്യാഭ്യാസ പരിപാടി നടപ്പിലാക്കുവാൻ സംസ്ഥാന വയോജന വിദ്യാഭ്യാസ ബോർഡ് അംഗീകരിച്ചതനുസരിച്ച്, 10 കേന്ദ്രങ്ങൾ വീതം താഴെപ്പറയുന്ന സന്നദ്ധ സംഘടനകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

1. മിത്രനികേതൻ (തിരുവനന്തപുരം ജില്ല)
2. ശാസ്ത്ര സാഹിത്യ പരിഷത്ത് (കൊല്ലം, ഇടുക്കി ജില്ലകൾ)
3. ഗ്രന്ഥശാലാ സംഘം (തൃശ്ശൂർ, കോഴിക്കോട് ജില്ലകൾ)
4. കേരളാ യൂണിവേഴ്സിറ്റി യൂണിയൻ (കോട്ടയം ജില്ല)
5. കാൻഫെഡ് (ആലപ്പുഴ, മലപ്പുറം, കണ്ണൂർ ജില്ലകൾ)
6. കെ. എ. പി. റ്റി. യു. (പാലക്കാട് ജില്ല)
7. പി. എസ്. റ്റി. എ. (എറണാകുളം ജില്ല)
8. കെസ്കോ

9. നെഹ്റു യുവകേന്ദ്രം എന്നീ സംഘടനകൾ യഥാക്രമം 10 കേന്ദ്രങ്ങൾ വീതം കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ ആരംഭിക്കുവാനും അനുവദിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാന വയോജന വിദ്യാഭ്യാസ പദ്ധതി, ഇങ്ങനെയുള്ള സംഘടനകളെ പങ്കെടുപ്പിച്ചുകൊണ്ട്, ഈ പരിപാടി വിജയിപ്പിക്കുന്നതിനാണ് ലക്ഷ്യമാക്കിയിട്ടുള്ളത്.

ആഡിറ്റ് ഫീസ് ഈടാക്കരുതെന്ന നിർദ്ദേശം

*327. [344] ശ്രീ. ചടയൻ ഗോവിന്ദൻ:
ശ്രീ. കെ. അനിരുദ്ധൻ:
ശ്രീ. എൻ. വാസുദേവൻ പിള്ള:
ശ്രീ. എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഹരിജൻ സൊസൈറ്റികളെ ആഡിറ്റ് ഫീസ് ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണ് കൽപ്പന പുറപ്പെടുവിച്ചത് എന്നു പറയുമോ;

(സി) ഇങ്ങിനെ ഒഴിവാക്കി കൽപ്പനയായ ശേഷവും ഹരിജൻ യൂണിയൻ സൊസൈറ്റികളിൽ നിന്ന് ആഡിറ്റ് ഫീസ് ഈടാക്കി വരുന്നതായി വല്ല പരാതിയും ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്രതൊക്കെ സൊസൈറ്റിയിൽ നിന്ന്;

(ഇ) ഈ പരാതികളിൽ എന്തു നടപടി ആണ് സ്വീകരിച്ചതെന്നു പറയുമോ?

റവന്യൂവും സഹകരണവും വകുപ്പു മന്ത്രി (ശ്രീ. ബേബി ജോൺ):

(എ) ഉണ്ട്.

(ബി) 15-5-1969-ൽ അതായത് കേരളാ കോപ്പറേറ്റീവ് ചട്ടം 1969 നിലവിൽ വന്നതു മുതൽ.

(സി) 15-5-1969-ന് ശേഷമുള്ള കാലത്തേക്ക് ആഡിറ്റ് ഫീസ് ഈടാക്കി വരുന്നതായി പരാതിയൊന്നും കിട്ടിയിട്ടില്ല.

(ഡി, ഇ) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ഗ്രാമീണ കലാ അക്കാഡമി

*328. [345] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ ഒരു ഗ്രാമീണ കലാ അക്കാഡമി രൂപീകരിക്കാൻ നടപടികൾ എടുക്കുമോ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ സി. എച്ച്. മുഹമ്മദു കോയ):

ഇപ്പോഴം ആലോചനയിൽ ഇല്ല.

മിച്ചഭൂമിക്ക് അർഹരായവർക്ക് ഭൂമി നൽകാത്ത കേസ്സുകൾ

*329. [346] ശ്രീ. കെ. ടി. കുമാരൻ:
ശ്രീ. പി. കെ. ശ്രീനിവാസൻ:
ശ്രീ. എം. കെ. കേശവൻ:
ശ്രീ. വി. കെ. രാജൻ:
ശ്രീ. ഇ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly